# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2465 07/02/2019-ൽ മറുപടിക്ക്

### കാസർഗോഡ് വൈദ്യുതി ഭവൻ

| | ചോദ്യം<br><br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് വൈദ്യുതി ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നില വിലുള്ള സ്ഥിതി എന്താണെന്ന് വിശദ മാക്കാമോ; | (എ) | കാസർഗോഡ് വൈദ്യുതി ഭവനത്തിന്റെ നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമ തിക്കായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ തറക്കല്ലിടൽ നിർവ്വഹിച്ചിട്ട് മാസങ്ങളായിട്ടും നിർ മ്മാണം തുടങ്ങാൻ പറ്റാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രീ-ഫാബ് (Pre-Fab) സാങ്കേതികവിദ്യ മുഖേന കാസർഗോഡ് വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിരുന്നു. എന്നാൽ, ടെണ്ടറിൽ പങ്കെടുത്തവർ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ കൂടുതലായതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. ഇപ്പോൾ ബോർഡ് പ്രീ-ഫാബ് സാങ്കേതികവിദ്യയ്ക്ക് പകരം പരമ്പരാഗത രീതിയിൽ (RCC framed structure) കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും അതനു സരിച്ച് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |
| (സി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി ഭവന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയി ക്കാമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ മൂന്ന് നില കെട്ടിടം നിർമ്മിക്കുവാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് തത്വ ത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഉടനെ ടെൻഡർ ക്ഷണിക്കുന്ന താണ്. |

Apsaj

സെക്ഷൻ ഓഫീസർ